## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. **4204**

**25.06.2014ലെ മറുപടിയ്ക്ക്**

### പൊതു-സ്വകാര്യമേഖലകളിൽ അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എളമരം കരീം<br>ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. രാജു എബ്രഹാം | ശ്രീ . ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (എ) സാമ്പത്തിക പ്രതിസന്ധിമൂലം മാനേജുമെന്റ് പ്രവർത്തനം നിർത്തിപോയ സാഹചര്യത്തിലാണ് തോട്ടങ്ങൾ അടഞ്ഞുപോയിട്ടുള്ളത്. അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിന് തൊഴിൽ വകുപ്പ് തലത്തിൽ ചർച്ചകൾ നടന്നു വരുന്നു. അടഞ്ഞുപോയ തോട്ടങ്ങളിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി പാലക്കാട്, വയനാട്, ഇടുക്കി, തിരുവനന്തപുരം ജില്ലകളിൽ പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നു. |
| (ബി) പൊതു മേഖലയിലും സ്വകാര്യ മേഖലയിലുമായി അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ എത്രയാണെന്നും അവ ഏതൊക്കെയാണെന്നുമുള്ള കണക്കുകൾ ലഭ്യമാണോ ; | (ബി) പൊതുമേഖലയിൽ തോട്ടങ്ങൾ ഒന്നും അടഞ്ഞുകിടപ്പില്ല. സ്വകാര്യ മേഖലയിൽ മൊത്തം 11 തോട്ടങ്ങൾ അടഞ്ഞുകിടക്കുന്നുണ്ട്. അവയുടെ പേരുകൾ ചുവടെ ചേർക്കുന്നു.<br><br>1. ബോണക്കാട് എസ്റ്റേറ്റ്, തിരുവനന്തപുരം<br>2. മേത്താനത്ത് ടീ എസ്റ്റേറ്റ്, ഇടുക്കി<br>3. കിനാലൂർ എസ്റ്റേറ്റ്, കോഴിക്കോട്<br>4. മണലാരു എസ്റ്റേറ്റ് - കാർഡമം എസ്റ്റേറ്റ്, പാലക്കാട്<br>5. ബിയാട്രീസ് എസ്റ്റേറ്റ്, പാലക്കാട്<br>6. കരിമല എസ്റ്റേറ്റ്, പാലക്കാട്<br>7. വാഴക്കുണ്ട് എസ്റ്റേറ്റ്, പാലക്കാട്<br>8. ശിങ്കാരചോല എസ്റ്റേറ്റ്, പാലക്കാട്<br>9. രവിവർമ്മ എസ്റ്റേറ്റ്, പാലക്കാട്<br>10. മീരാഫ്ളോറസ് എസ്റ്റേറ്റ്, പാലക്കാട്<br>11. റോസറി എസ്റ്റേറ്റ്, പാലക്കാട് |

| | |
|---|---|
| (സി) അടഞ്ഞുകിടക്കുന്ന തോട്ട ങ്ങളിലെല്ലാം കൂടി എത്ര തൊഴിലാളി കൾക്ക് തൊഴിൽ നഷ്ടപ്പെടുകയുണ്ടാ യിട്ടുണ്ട് ; | (സി) 1145 തൊഴിലാളികൾക്ക് |
| (ഡി) ലംഘനം നടത്തിയതിന്റെ പേരിൽ പാട്ടക്കരാർ റദ്ദ് ചെയ്ത തോട്ടങ്ങ ളെല്ലാം കെ.എഫ്. ഡി.സി. ഏറ്റെടുത്ത് നടത്തുന്നുണ്ടോ; എങ്കിൽ അവ ഏതൊക്കെ; | (ഡി) ഉണ്ട്. താഴെപ്പറയുന്ന തോട്ടങ്ങൾ കെ. എഫ്.ഡി.സി.യെ 11.12.11-ൽ വിളവെടുപ്പിനുവേണ്ടി മാത്രം താൽക്കാലികമായി ഏൽപ്പിച്ചിട്ടുള്ളതായി കെ.എഫ്.ഡി.സി. അറിയിച്ചിട്ടു ണ്ട്.<br>1. മീരാഫ്ളോറസ് എസ്റ്റേറ്റ്, പാലക്കാട്<br>2. റോസറി എസ്റ്റേറ്റ്, പാലക്കാട്<br>3. ബിയാട്രീസ് എസ്റ്റേറ്റ്, പാലക്കാട്<br>4. തുത്തംപാറ എസ്റ്റേറ്റ്, പാലക്കാട്<br>ഇതിൽ തുത്തംപാറ എസ്റ്റേറ്റ് 24.12.12-ൽ വനം വകുപ്പ് തിരിച്ചെടുത്തിട്ടുള്ളതായി കെ.എഫ്ഡി.സി.അറിയിച്ചിട്ടുണ്ട്. |
| (ഇ) എസ്റ്റേറ്റുകളിലെ തൊഴി ലാളി കളുടെ ശമ്പളക്കുടിശ്ശിക ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ? | (ഇ) പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ ശമ്പള കുടിശ്ശിക ഈടാക്കി എടുക്കാൻ ആവശ്യമായ കേസ്സുകളിൽ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്ന തടക്കമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ